# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1059 | 12.03.2015 -ലെ മറുപടിയ്ക്ക്

### വിദ്യാർത്ഥി സമരം ഒത്തുതീർക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം ഒത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം വൈസ് ചാൻസലറുടെ നേതൃത്വത്തിൽ **09.03.2015** ൽ ചേർന്ന യോഗത്തിൽ ഒത്തുതീർപ്പാക്കാനുള്ള ശ്രമവും വിജയിച്ചിട്ടില്ല. |
| (ബി) | സമരത്തിന് ആധാരമായി വിദ്യാർത്ഥികളുന്നയിച്ച ആവശ്യങ്ങളോടുള്ള സർവ്വകലാശാല അധികൃതരുടെയും സർക്കാരിന്റെയും നിലപാട് എന്തെന്ന് വെളിപ്പെടുത്താമോ; | (ബി) | വിദ്യാർത്ഥികൾ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചു നൽകണമെന്നതാണ് സർക്കാർ നിലപാട്. |
| (സി) | സമരം തീർക്കുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും നൽകിയ ഉറപ്പുകളിൽ നിന്നും പിന്മാറിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (സി) | സമരം തീർക്കുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും നൽകിയ ഉറപ്പുകളിൽ നിന്നും പിന്മാറിയിട്ടില്ല. പക്ഷേ ഒത്തുതീർപ്പിന് വിദ്യാർത്ഥികൾ ഇനിയും തയ്യാറായിട്ടില്ല. |
| (ഡി) | കാമ്പസിലെ റഗുലർ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഹോസ്റ്റൽ സൗകര്യം സ്വാശ്രയ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാനുള്ള വൈസ് ചാൻസലറുടെ തീരുമാനം ചട്ടപ്രകാരമാണോയെന്ന് | (ഡി) | കാമ്പസിലെ റഗുലർ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഹോസ്റ്റൽ സൗകര്യം സ്വാശ്രയ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാതിരിക്കാൻ നിയമമില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. അതേസമയം റഗുലർ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; | | സൗകര്യങ്ങളിൽ കുറവുവരുത്താതെ തന്നെ സ്വാശ്രയ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗകര്യം ഏർപ്പെടുത്താനുള്ള ശ്രമം നടത്തി വരികയാണ്. |
| (ഇ) | ഭീമമായ ഫീസ് നൽകി പഠിക്കുന്ന സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തേണ്ട ബാധ്യത സർവ്വകലാശാല നിർവ്വഹിക്കാത്തതിന്റെ കാരണമാരായാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ഇ) | സ്വാശ്രയ കായികവിദ്യാർത്ഥികൾക്ക് പ്രത്യേകം സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കുവാൻ 3.7 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. |
| (എഫ്) | കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറുടെ ചട്ടവിരുദ്ധ തീരുമാനങ്ങൾ റദ്ദാക്കുന്നതിനും വിദ്യാർത്ഥികളുടെ സമരം ഒത്തുതീർക്കുന്നതിനും അടിയന്തിരനടപടി സ്വീകരിക്കുമോ? | (എഫ്) | 09.03.2015 ന് ബഹു. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികളുടെ സമരം ഒത്തു തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ലയെങ്കിലും ആയതിനുള്ള ശ്രമം തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ